## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1081 03.12.2015 -ലെ മറുപടിയ്ക്ക്

**ശ്രീ. രാധാകൃഷ്ണൻ നായർക്ക് ലഭിക്കാനുള്ള സർവ്വീസ് ആനുകൂല്യങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കേരള യൂണിവേഴ്സിറ്റിയിൽ നിന്നും സെലക്ഷൻ ഗ്രേഡ് അസിസ്റ്റന്റായി വിരമിച്ച ശ്രീ. രാധാകൃഷ്ണൻ നായരുടെ സർവ്വീസ് സംബന്ധമായ എല്ലാ ആനുകൂല്യങ്ങളും നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഏതെല്ലാം ആനുകൂല്യങ്ങളാണ് നൽകാനുള്ളതെന്നും ഇത് സംബന്ധമായ ഏതെല്ലാം ഫയലുകളാണ് നിലവിൽ ഉള്ളതെന്നും അറിയിക്കുമോ; | (എ) | ശ്രീ. രാധാകൃഷ്ണൻ നായരുടെ സർവ്വീസ് സംബന്ധമായ ആനുകൂല്യങ്ങളിൽ നിയമാനുസൃതമായി കൊടുക്കാൻ കഴിയുന്നവയെല്ലാം നൽകിയിട്ടുണ്ട്. എന്നാൽ ടി യാൻ സർവ്വീസിൽ നിന്നും വിരമിച്ച ശേഷം മുൻകാല പ്രാബല്യം വച്ച് നൽകിയ സീനിയർ ഗ്രേഡ്, സെലക്ഷൻ ഗ്രേഡ് എന്നീ തസ്തികയിലേക്കുള്ള പ്രോമോഷന്റെ സർവ്വീസ് കാലത്തെ കുടിശ്ശിക നിലവിൽ ഉത്തരവുകൾ ഇല്ലാത്തതിനാൽ നൽകിയിട്ടില്ല. എന്നാൽ ടി പ്രൊമോഷൻ വഴി ലഭിച്ച ശമ്പള വർദ്ധനവ് പെൻഷൻ തുടങ്ങിയ ആനുകൂല്യങ്ങൾക്ക് പരിഗണിക്കുകയും ആയത് നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ശ്രീ. ജി. രാധാകൃഷ്ണൻ നായർ കേരള യൂണിവേഴ്സിറ്റിയിൽ ജോലിയിൽ പ്രവേശിച്ചതിന് ശേഷം എത്ര സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്; ഓരോ സ്ഥാനക്കയറ്റത്തിനുമനുസരിച്ചുള്ള സാമ്പത്തികാനുകൂല്യങ്ങൾ നൽകിയിട്ടുണ്ടോ , ഇല്ലെങ്കിൽ എന്താണ് തടസ്സമായിട്ടുണ്ടായിരുന്നത്; | (ബി) | ടിയാന് സർവ്വീസ് കാലയളവിൽ ക്ലറിക്കൽ അസിസ്റ്റന്റ്, അസിസ്റ്റന്റ്, മറ്റ് സമയബന്ധിത ഗ്രേഡ് പ്രൊമോഷൻ എന്നിവയുടെ സാമ്പത്തിക ആനുകൂല്യങ്ങൾ യഥാസമയം നൽകിയിട്ടുണ്ട്. എന്നാൽ വിരമിച്ച ശേഷം മുൻകാല പ്രാബല്യം വച്ച് നൽകിയ സീനിയർ ഗ്രേഡ്, സെലക്ഷൻ ഗ്രേഡ് എന്നീ തസ്തികകളിൽ |

| | | | |
|---|---|---|---|
| | | | സർവ്വീസ് കാലത്തേക്കുള്ള കുടിശ്ശിക നൽകാൻ നിയമം അനുശാസിക്കാത്തതിനാൽ ആയത് നൽകിയിട്ടില്ല. എന്നാൽ ടി സ്ഥാനക്കയറ്റം പരിഗണിച്ച് പെൻഷനും മറ്റ് ആനുകൂല്യങ്ങളും യഥാവിധി നൽകിയിട്ടുണ്ട്. |
| (സി) | ശ്രീ. ജി. രാധാകൃഷ്ണൻ നായർക്ക് എന്നാണ് സീനിയർ സെലക്ഷൻ ഗ്രേഡ് അസിസ്റ്റന്റായി പ്രമോഷൻ ലഭിച്ചിട്ടുള്ളത്; പ്രമോഷനുകൾക്ക് ശേഷം ലഭിക്കേണ്ട എല്ലാ സാമ്പത്തിക ആനുകൂല്യങ്ങളും നൽകിയിട്ടുണ്ടോ; പ്രസ്തുത പ്രമോഷനുകൾ ലഭിച്ചപ്പോൾ ശ്രീ. രാധാകൃഷ്ണൻ നായർക്ക് ലഭിക്കേണ്ട ശമ്പള കുടിശ്ശിക നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതുമായി ബന്ധപ്പെട്ട പരാതി പരിശോധിച്ച് കുടിശ്ശിക വിതരണം ചെയ്യുന്നതിന് കേരള യൂണിവേഴ്സിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത നിർദ്ദേശം പാലിക്കപ്പെട്ടിട്ടുണ്ടോ ; | (സി) | വിരമിച്ച ശേഷം മുൻകാല പ്രാബല്യം നൽകി കൊടുത്ത പ്രൊമോഷനുകളുടെ കുടിശ്ശിക നൽകുന്നതുമായി ബന്ധപ്പെട്ട വിഷയം പരിശോധിച്ചു വരുന്നു. |
| (ഡി) | ഉന്നത വിദ്യാഭ്യാസ വകുപ്പിലെ ഫയൽ നമ്പർ **25202/B.3/2013/**ഉ. വി. അനുസരിച്ച് ശ്രീ. രാധാകൃഷ്ണൻ നായർക്ക് നൽകാനുള്ള ശമ്പള കുടിശ്ശിക കേരള യൂണിവേഴ്സിറ്റിയിൽ നിന്നും വിതരണം ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; പ്രസ്തുത നിർദ്ദേശത്തിൻമേൽ യൂണിവേഴ്സിറ്റി എന്ത് നടപടി സ്വീകരിച്ചു; പ്രസ്തുത കുടിശ്ശിക വിതരണം ചെയ്തിട്ടില്ലെങ്കിൽ ഇതിന് കാരണം വ്യക്തമാക്കുമോ? | | നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ഇക്കാര്യത്തിൽ സർവ്വകലാശാല സ്പഷ്ടീകരണം ആവശ്യപ്പെട്ടിരിക്കുകയാണ്. ഈ വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**